**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2480** **04-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് മുഖേനയുള്ള ചികിത്സക്ക് സ്വകാര്യ ആശുപത്രികൾ വിമുഖത കാണിക്കുന്നത് സംബന്ധിച്ച പരാതികൾ ഉയർന്ന് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. മെഡിസെപ്പിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്കാണ് മെഡിസെപ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നത്. മെഡിസെപ്പിലെ വ്യവസ്ഥകൾ അംഗീകരിക്കുന്ന ആശുപത്രികളെയാണ് മെഡിസെപ്പിൽ എംപാനൽ ചെയ്യുന്നത്. ആയതുകൊണ്ട് തന്നെ എംപാനൽ ചെയ്ത ആശുപത്രികൾ മെഡിസെപ്പിൽ ചികിത്സ നൽകുവാൻ ബാധ്യസ്ഥരാണ്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് മെഡിസെപ്പിനായി ഇൻഷ്വറൻസ് കമ്പനിക്ക് ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കി നൽകിയത്; അതിൽ എത്ര കോടി രൂപയുടെ ചികിത്സ ധനസഹായം തിരികെ ലഭിച്ചുവെന്ന് സർക്കാർ/സ്വകാര്യ ആശുപത്രികൾ തിരിച്ച് വ്യക്തമാക്കാമോ; | (ബി) | സർക്കാരും ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രം പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് പ്രീമിയം കണക്കാക്കി മുൻകൂറായി കമ്പനിക്ക് നൽകുകയും, പിന്നീട് ഗുണഭോക്താക്കളിൽ നിന്നും പ്രതിമാസം പ്രീമിയം ഈടാക്കി ക്രമീകരിക്കുകയുമാണ് ചെയ്തുവരുന്നത്. നടപ്പ് സാമ്പത്തിക വർഷം 488.60 കോടി രൂപയാണ് സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് അനുവദിച്ചത്. 03-02-2025 വരെയുള്ള കണക്കുകൾ പ്രകാരം സർക്കാർ ആശുപത്രികളിൽ 64,727 ക്ലെയിമുകൾക്കായി 104,25,79,211/- രൂപയുടെയും, സ്വകാര്യ ആശുപത്രികളിൽ 8,24,394 ക്ലെയിമുകൾക്ക് 1577,99,33,716/- രൂപയുടെയും അനുമതി നൽകിയതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ/കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ/ കോർപ്പറേറ്റ് കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾക്ക് സമാനമായി ജീവനക്കാർക്കും/ പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും ഗുണകരമാകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | പ്രായം, പ്രീമെഡിക്കൽ ചെക്കപ്പ് എന്നീ ഉപാധികളില്ലാതെ പ്രീ-പോസ്റ്റ് ഹോസ്പിറ്റലൈസേഷൻ ചെലവുകൾ പ്രസവം, അവയവമാറ്റ/ഗുരുതര രോഗ ചികിത്സകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന കുറഞ്ഞ പ്രീമിയത്തിൽ മെച്ചപ്പെട്ട കവറേജ് ഉള്ള ഒരു ഇൻഷ്വറൻസ് പദ്ധതിയാണ് മെഡിസെപ്. ചില പരാതികൾ മാറ്റി നിർത്തിയാൽ കേന്ദ്ര സർക്കാർ / കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ/കോർപ്പറേറ്റ് |

| | | | |
|---|---|---|---|
| | | | കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളേക്കാൾ മികച്ച സേവനം ഉറപ്പാക്കുന്ന പദ്ധതിയാണിത്. നിലവിലെ പദ്ധതി 2025 ജൂൺ 30 -ന് അവസാനിക്കാനിരിക്കെ പദ്ധതി തുടരുന്നതിന്റെ ഭാഗമായി പാക്കേജ് പരിഷ്കരണം, പുതിയ പാക്കേജുകൾ ഉൾപ്പെടുത്തൽ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിനായി 8 അംഗ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സമാനമായ മറ്റു പദ്ധതികളിൽ നിന്നും സ്വീകരിക്കാവുന്ന രീതികൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന തരത്തിൽ പദ്ധതിയിൽ മാറ്റങ്ങൾ വരുത്തുന്നതാണ്. |
| (ഡി) | മിക്ക രോഗങ്ങളുടെയും ചികിത്സയിൽ നിന്ന് സ്വകാര്യ ആശുപത്രികൾ പിന്മാറിയത് കാരണം മെഡിസെപ്പിന് തുക അടക്കുന്നതിനോടോപ്പം സ്വകാര്യ ഇൻഷ്വറൻസും എടുക്കാൻ ജീവനക്കാരെയും പെൻഷൻകാരെയും നിർബന്ധിതരാകുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | മെഡിസെപ്പിലെ ധാരണാപത്രം പ്രകാരം ഇൻഷ്വറൻസ് കമ്പനിയാണ് ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നത്. മെഡിസെപ് രണ്ടാം ഘട്ടം ആരംഭിക്കുമ്പോൾ നിലവിൽ പദ്ധതിയുടെ ഭാഗമായ ആശുപത്രികൾക്ക് പുറമേ കൂടുതൽ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പാക്കേജ് റിവിഷനുമായി ബന്ധപ്പെട്ട് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പദ്ധതിയിൽ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ